(എഫ്) ബ്രഹ്മപുരത്തിൽ നിന്നുമുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 3.43 രൂപയും കോഴിക്കോട് നിലയത്തിൽ നിന്നുമുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 3.27 രൂപയും വില വരും.

(ജി) ബ്രഹ്മപുരത്തിൽ നിന്നുമുള്ള വൈദ്യുതി കൊച്ചിയിലെ വ്യവസായ മേഖലയിൽ തന്നെ വിതരണം നടത്താൻ കഴിയുമെന്നുള്ളതുകൊണ്ടും കോഴിക്കോട് താപനിലയത്തിൽ നിന്നുമുള്ള വൈദ്യുതി കോഴിക്കോട് പ്രദേശത്ത് തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടും പ്രസരണ വിതരണ ചെലവിനത്തിൽ വരുന്ന തുക നാമമാത്രമാണ്. ആയതിനാൽ ഡിസ്ട്രിബ്യൂഷൻ എൻഡിൽ വരുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിയുടെ വിലയിൽ ഉൽപ്പാദന ചെലവിൽ നിന്നും വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല.

ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

82 (1234) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് ആവശ്യമായ അനുമതി കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്ക് ഇനിയും എന്തെങ്കിലും അനുമതി കിട്ടാനുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഈ പദ്ധതിയുടെ പണിയാരംഭിക്കുന്നതിൽ കാലതാമസം വരുത്തിയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ പണിയെന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് 1998 ജനുവരി 20-നും ഫോറസ്റ്റ് ക്ലിയറൻസ് 4-2-2000-ലും ലഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിനാവശ്യമായ എൻവയോൺമെന്റൽ ക്ലിയറൻസും ഫോറസ്റ്റ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച കരാർ നൽകുന്നത് ഹൈക്കോടതി ഒ.പി.നമ്പർ 1774/2001 പ്രകാരം തടഞ്ഞിരിക്കുകയാണ്. കേസിന്റെ അവസാന തീരുമാനം ലഭിക്കുന്നതനുസരിച്ച് മാത്രമേ ജോലികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

പായിപ്പാട് പ്രദേശത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ

83 (1235) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly